(ബി) ഓരോ വ്യവസായത്തിനും വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരേയും യൂണിയൻ നേതാക്കളേയും പങ്കെടുപ്പിച്ചുകൊണ്ട് ചർച്ചകൾ നടത്തുവാൻ തീരുമാനിച്ചു. ഓരോ വ്യവസായ തലത്തിലുള്ള ചർച്ചകൾക്കുശേഷം മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം കൂടി അന്തിമ തീരുമാനം കൈക്കൊള്ളുവാനും തീരുമാനിച്ചു. പരമ്പരാഗത വ്യവസായ മേഖലയിലെ തൊഴിലാളികൾ നേരിടുന്ന ജപ്തിനടപടികൾക്ക് ആറു മാസത്തേക്ക് മൊറട്ടോറിയം പ്രഖ്യാപിക്കുവാനും ഖാദി തൊഴിലാളികൾക്ക് നിലവിൽ നൽകിവരുന്ന പ്രൊഡക്ഷൻ ഇൻസെന്റീവ് ഒരു കഴി നൂൽ ഉൽപ്പാദിപ്പിക്കുന്നതിന് നിലവിലുള്ള 30 പൈസ 60 പൈസയായും നെയ്ത്തു തൊഴിലാളികൾക്ക് ഒരു കഴി നൂൽ നെയ്യുന്നതിന് 90 പൈസ 180 പൈസയായും വർദ്ധിപ്പിക്കുവാനും ഖാദി തൊഴിലാളികൾക്ക് നൽകിവരുന്ന ഇൻകം സപ്പോർട്ട് സ്കീം പ്രകാരമുള്ള തുക മാസന്തോറും വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാനും തീരുമാനമായി. ആഭ്യന്തര തൊണ്ടുസംഭരണത്തിന് ക്രിയാത്മകവും ഫലപ്രദവുമായ ഒരു പദ്ധതി എല്ലാവരുംകൂടി ചർച്ച ചെയ്ത് കണ്ടെത്തണമെന്നും യോഗം തീരുമാനമെടുത്തിരുന്നു.

(സി) പരമ്പരാഗതവ്യവസായ മേഖലയിലെ തൊഴിലാളികൾ നേരിടുന്ന ജപ്തിനടപടികൾക്ക് മോറട്ടോറിയം പ്രഖ്യാപിക്കുന്നത് സംബന്ധിച്ച് ഓരോ മേഖലയിലും ഉൾപ്പെടുന്ന സാമ്പത്തിക ബാധ്യത പ്രത്യേകം കാണിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ വ്യവസായ വാണിജ്യ ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഖാദി തൊഴിലാളികൾക്ക് നിലവിൽ നൽകിവരുന്ന പ്രൊഡക്ഷൻ ഇൻസെന്റീവ് ഒരു കഴി നൂൽ ഉൽപ്പാദിപ്പിക്കുന്നതിന് നിലവിലുള്ള 30 പൈസ 60 പൈസയായും നെയ്ത്തു തൊഴിലാളികൾക്ക് ഒരു കഴി നൂൽ നെയ്യുന്നതിന് 90 പൈസ 180 പൈസയായും വർദ്ധിപ്പിക്കുമെന്ന തീരുമാനവും നടപ്പാക്കുന്നതിനായി നടപടി ആരംഭിച്ചിട്ടുണ്ട്. കൂടാതെ ഖാദി തൊഴിലാളികൾക്ക് നൽകിവരുന്ന ഇൻകം സപ്പോർട്ട് സ്കീം പ്രകാരമുള്ള തുക മാസന്തോറും വിതരണം ചെയ്യുന്നതിനുള്ള തീരുമാനം നടപ്പിലാക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.

മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിനു തുടർച്ചയായി കയർമേഖലയിലെ പ്രശ്നങ്ങൾ സംബന്ധിച്ച് റവന്യൂ-കയർ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 30-5-2014-ന് യോഗം ചേർന്ന് ചർച്ച നടത്തി തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

ഭൂമി തട്ടിപ്പ് കേസ്സുകൾ അന്വേഷിക്കുന്ന സി.ബി.ഐ. സംഘത്തിന് അടിസ്ഥാന സൗകര്യങ്ങൾ

38 (6184) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കളമശ്ശേരി, കടകംപള്ളി ഭൂമി തട്ടിപ്പു കേസ്സുകൾ അന്വേഷിക്കുന്ന സി.ബി.ഐ. സംഘത്തിന് അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കണമെന്ന് ഹൈക്കോടതി നിർദ്ദേശം നൽകിയിരുന്നോ ; വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ കേസന്വേഷണവുമായി ബന്ധപ്പെട്ട് സി.ബി.ഐ. സംഘം എന്തെല്ലാം കാര്യങ്ങൾ ലഭ്യമാക്കണമെന്നാണ് ഗവൺമെന്റിനോടാവശ്യപ്പെട്ടിരുന്നതെന്ന് വ്യക്തമാക്കാമോ ;

(സി) ഇതിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം കാര്യങ്ങൾ സി.ബി.ഐ.-ക്ക് ലഭ്യമാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) സി. ബി. ഐ. സംഘത്തിന് അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കണമെന്ന് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി പ്രത്യേക നിർദ്ദേശം നൽകിയിരുന്നില്ല. എന്നാൽ കേസുമായി ബന്ധപ്പെട്ട രേഖകൾ സി.ബി.ഐ.യ്ക്ക് കൈമാറണമെന്ന് കോടതി നിർദ്ദേശിച്ചിരുന്നു. അന്വേഷണത്തിനായി റവന്യൂ ഇന്റലിജൻസ്/വിജിലൻസ്/പോലീസ് വിഭാഗങ്ങളുടെ സഹായം പ്രയോജനപ്പെടുത്താമെന്നും ഉത്തരവിൽ പറയുന്നു.

(ബി & സി) അന്വേഷണവുമായി ബന്ധപ്പെട്ട് തിരുവനന്തപുരത്തും, എറണാകുളത്തും ഓഫീസും അനുബന്ധ സൗകര്യങ്ങളും, വാഹനം, പോലീസ്/വിജിലൻസ്./ റവന്യൂ/സർവ്വേ/രജിസ്ട്രേഷൻ വകുപ്പുകളിലെ ഉദ്യോഗസ്ഥരുടെ സേവനം ആവശ്യമായ സമയത്ത് വിട്ടുനൽകണമെന്നുമാണ് സി.ബി.ഐ. ആവശ്യപ്പെട്ടിരുന്നത്. ആവശ്യപ്പെട്ട മുഴുവൻ സൗകര്യങ്ങളും നൽകിയിട്ടുണ്ട്.

സർക്കാർ സർവ്വീസിലെ ദിവസവേതന ജീവനക്കാർ

39 (6186) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാർ സർവ്വീസിൽ ദിവസക്കൂലിയടിസ്ഥാനത്തിൽ എത്ര ജീവനക്കാർ ജോലിചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഓരോവകുപ്പിലും ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ എണ്ണവും തസ്തികയുടെ പേരും ലഭ്യമാക്കുമോ ;

(സി) അഞ്ച് വർഷമായി ദിവസക്കൂലി അടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്ന തസ്തികകൾ പി.എസ്.സി. വഴി നികത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ - സി) വിവരം ശേഖരിച്ചുവരുന്നു.

നൂറുദിന ഫയൽ തീർപ്പാക്കൽ പദ്ധതി

40 (6187) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെട്ടിക്കിടക്കുന്ന ഫയലുകൾ തീർപ്പാക്കുന്നതിനായി സർക്കാർ 'നൂറുദിന ഫയൽ തീർപ്പാക്കൽ പദ്ധതി' എന്ന പേരിലോ മറ്റേതെങ്കിലും പേരിലോ നടപടികൾ ആരംഭിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly